(ബി) ഈ കായലിലെ ജലം ഇപ്പോൾ കുടിക്കാൻ പറ്റിയതാണോ;

(സി) ആ വെള്ളത്തിൽ ആരോഗ്യത്തിന് ഹാനികരമായ എന്തെല്ലാം അണുക്കളും മറ്റു ഘടകങ്ങളും ഉണ്ട്;

(ഡി) ഇവയുടെ അളവെത്രയാണ്;

(ഇ) ഈ തടാകത്തിലേക്ക് മാലിന്യങ്ങൾ എത്തത്തക്കവിധം ചുറ്റുപാടുമുള്ള മറ്റിനവസ്തുക്കൾ മഴവെള്ളപ്പാച്ചിലിലൂടെ എത്തിച്ചേരാതിരിക്കാൻ എന്തെല്ലാം നടപടികളെടുത്തു;

(എഫ്) ഈ കായലിലേക്ക് ഓടകൾ തുറന്നുവിട്ടിട്ടുണ്ടോ;

(ജി) ഈ കായലിൽ ചുറ്റുപാടുമുള്ളവർ വിസർജ്ജ്യ വസ്തുക്കൾ നിക്ഷേപിക്കുന്നുണ്ടോ;

(എച്ച്) ഇവയ്ക്ക് എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ശൂരനാട് തെക്ക്, മൈനാഗപ്പള്ളി, പടിഞ്ഞാറെ കല്ലട, ശാസ്താംകോട്ട, മൺട്രോതുരുത്ത് (ഭാഗികം), നീണ്ടകര എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലും കൊല്ലം കോർപ്പറേഷൻ പ്രദേശങ്ങളിലും കുടിവെള്ളം നൽകുന്നു.

(ബി) ഈ കായലിലെ ജലം നേരിട്ട് കുടിക്കാൻ പറ്റിയതല്ല.

(സി) കോളിഫോം ബാക്ടീരിയ അടങ്ങിയിട്ടുണ്ട്. മറ്റ് ഘടകങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ശുദ്ധീകരിക്കാത്ത ജലത്തിൽ 1100* കോളിഫോം ബാക്ടീരിയ കൗണ്ട് ഉണ്ട്.

(ഇ) ശാസ്താംകോട്ട കായലിന്റെ കിടപ്പനുസരിച്ചും ഭൂമിശാസ്ത്രപരമായും ചുറ്റുമുള്ള മഴവെള്ളം താഴ്ന്ന പ്രദേശമായ കായലിൽ എത്തിച്ചേരുന്നു. എന്നാൽ പമ്പിംഗ് പ്രദേശത്ത് മലിനജലം ഒഴുകി എത്താറില്ല.

(എഫ്) ഉണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ബാധകമല്ല.

വനപ്രദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ നടപടി

69 [1899] *ശ്രീ. ആർ. ഡി. സതീശൻ:*
,, *വർക്കല കഹാർ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനപ്രദേശത്തിന്റെ വിസ്തൃതി എത്രയാണ്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംസ്ഥാനത്തിന്റെ വിസ്തൃതിയുടെ എത്ര ശതമാനം വരും;

(സി) വനപ്രദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുവാനുദ്ദേശമുണ്ടോ;

(ഡി) എങ്കിൽ അത് എത്രയായി വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) അതിനുവേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) 11264.52 ച.കി.മീറ്റർ

(ബി) 28.98%

(സി) ഉണ്ട്.

(ഡി) 33.98% ആയി വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഹാബിറ്റാറ്റ് ഫോറസ്ട്രി, വൃക്ഷോത്സവം, ഹരിതോൽസവം, ഹരിതതീരം മുതലായ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ ശുദ്ധജല പദ്ധതികൾ

70 [1900] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കൊടുവള്ളി നിയോജകമണ്ഡലത്തിലെ മടവൂർ, കിഴക്കോത്ത്, കൊടുവള്ളി, നരിക്കുനി, കക്കോടി, ചേളന്നൂർ, കാക്കൂർ, ഉണ്ണികുളം എന്നീ പഞ്ചായത്തുകളിലായി എത്ര പദ്ധതികൾ നടപ്പാക്കി;

(ബി) അവ ഏതെല്ലാം എന്നും ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതികളിൽ ഏതൊക്കെ കമ്മീഷൻ ചെയ്തു;

(ഡി) ബാക്കിയുള്ളവയുടെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവ ഓരോന്നിനും എന്തു തുക വീതം വേണ്ടിവരുമെന്നും ഇവ എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാവുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ)---(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഴക്കോത്ത്, കൊടുവള്ളി, കക്കോടി, ചേളന്നൂർ, കാക്കൂർ എന്നീ പഞ്ചായത്തുകളിലായി നടപ്പിലാക്കിയ ശുദ്ധജലവിതരണ പദ്ധതികളുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.† മടവൂർ, നരിക്കുനി, ഉണ്ണികുളം എന്നീ പഞ്ചായത്തുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശുദ്ധജലവിതരണ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/566/2012—15

LIBRARY ARCHIVES Kerala Legislative Assembly